LIBRARY ARCHIVES Kerala Legislative Assembly

ചേർപ്പ് സെക്ഷനിലെ തസ്തികകൾ നികത്താൻ നടപടി

27 [3371] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ചേർപ്പ് സെക്ഷൻ, കൂർക്കഞ്ചേരി, അമ്മാടം, ചിറയ്ക്കൽ, പെരിങ്ങോട്ടുകര, ഒല്ലൂർ, കണ്ടശ്ശാംകടവ് തുടങ്ങിയ ഓഫീസുകളിലെ ഓരോ വിഭാഗങ്ങളിലുമുള്ള തസ്തികകൾ എത്ര വീതം എന്ന് വ്യക്തമാക്കുമോ; വിവിധ തസ്തികകളിലുള്ള ഒഴിവുകൾ എത്ര വീതമെന്ന് വിശദമാക്കാമോ;

(ബി) ലൈൻമാൻ, മസ്ദൂർ തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൂർക്കഞ്ചേരി, അമ്മാടം, ചിറയ്ക്കൽ, പെരിങ്ങോട്ടുകര കെ. എസ്. ഇ. ബി. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കണ്ണൂരിലെ സബ്സ്റ്റേഷൻ നിർമ്മാണം.

28 [3372] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം ഇതുവരെ പുതുതായി എത്ര പുതിയ സബ് സ്റ്റേഷനുകൾ ആരംഭിച്ചുവെന്നും ഏതെല്ലാമെന്നും ഓരോന്നിന്റേയും സ്ഥാപിതശേഷി എത്രയെന്നും വ്യക്തമാക്കുമോ?

(ബി) നിർമ്മാണം ആരംഭിക്കുകയും പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലെത്തി നില്ക്കുകയും ചെയ്യുന്ന എത്ര സബ്സ്റ്റേഷനുകൾ കണ്ണൂർ ജില്ലയിലുണ്ടെന്നും ഓരോന്നിന്റെയും നിലവിലുള്ള പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2001 മേയ് മാസത്തിനുശേഷം ഇതുവരെ കമ്മീഷൻ ചെയ്ത സബ് സ്റ്റേഷനുകൾ സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.†

(ബി) കണ്ണൂർ ജില്ലയിൽ നിർമ്മാണം ആരംഭിക്കുകയും പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലെത്തി നിൽക്കുകയും ചെയ്യുന്ന 12 സബ്സ്റ്റേഷനുകളുടെ നിലവിലുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

കുമ്പനാട് 33 കെ. വി. സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കാൻ നടപടി

29 [3373] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ കോയിപ്രം ഗ്രാമ പഞ്ചായത്തിലെ കുമ്പനാട് 33 കെ. വി. സബ് സ്റ്റേഷന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേവരെ എന്ത് തുകയുടെ പണി ചെയ്തുകഴിഞ്ഞു;

(സി) പണി പൂർത്തിയാക്കുമ്പോൾ ആകെ എന്തു തുക ചെലവഴിക്കേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ;

(ഡി) 33 കെ. വി. സബ്സ്റ്റേഷന്റെ പണി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഏതെല്ലാം പഞ്ചായത്തുകൾക്ക് ഈ സബ്സ്റ്റേഷൻ പൂർത്തീകരിക്കുമ്പോൾ വൈദ്യുതി സംബന്ധമായ പ്രയാസങ്ങൾക്ക് പരിഹാരം ലഭിക്കും?

ഉത്തരം

(എ) കുമ്പനാട് 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ ജോലികൾ ഏകദേശം 50 ശതമാനം പൂർത്തിയാവുകയും, ബാക്കി ജോലികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

(ബി) ഏകദേശം 150 ലക്ഷം രൂപയ്ക്കുള്ള പണി ചെയ്തുകഴിഞ്ഞു.

(സി) 313.33 ലക്ഷം രൂപ.

(ഡി) 9/2005-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly